2

# പരിശുദ്ധാത്മാവിനെ ക്കുറിച്ച് യേശുവിന്റെ ഉപദേശം

*"എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും, ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും, ഓർമ്മപ്പെടുത്തുകയും ചെയ്യും"* (യോഹന്നാൻ 14:26).

യേശു പരിശുദ്ധാത്മാവിനെ കുറിച്ച് പഠിപ്പിച്ച മിക്ക ഉപദേശവും യോഹന്നാന്റെ സുവിശേഷത്തിൽ അടങ്ങിയിട്ടുണ്ട്. അപ്പൊസ്തലന്മാർ പറയേണ്ടതു പരിശുദ്ധാത്മാവ് അവരിൽ സംസാരിക്കുമെന്ന യേശുവിന്റെ വാഗ്ദാനം ആദ്യത്തെ മൂന്നു സുവിശേഷങ്ങളിലുണ്ട് (മത്തായി 10:19, 20; മർക്കൊസ് 13:11; ലൂക്കൊസ് 12:12). പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണത്തെയും അവൻ മുന്നറിയിച്ചിട്ടുണ്ട് (മത്തായി 12:31, 32; മർക്കൊസ് 3:29; ലൂക്കൊസ് 12:10). ദൈവാത്മാവിനാൽ യേശു ഭൂതങ്ങളെ പുറത്താക്കിയതായി ഒരു സുവിശേഷം മാത്രം, മത്തായിയുടേതിൽ മാത്രം പറയുന്നു (12:28), സ്നാനം നടത്തേണ്ടതു പിതാവിന്റേയും, പുത്രന്റേയും, പരിശുദ്ധാത്മാവിന്റേയും നാമത്തിലാണെന്ന് കല്പിച്ചിരിക്കുന്നു (28:19). പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദാവീദ് സംസാരിച്ചതായി രണ്ടു സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു (മത്തായി 22:43; മർക്കൊസ് 12:36).

### ലൂക്കൊസിന്റെ സുവിശേഷത്തിൽ യേശുവിന്റെ പ്രസ്താവന

പരിശുദ്ധാത്മാവിനെ നൽകുന്നതിനെ കുറിച്ചുള്ള യേശുവിന്റെ പ്രസ്താവന ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു: "അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും" (ലൂക്കൊസ് 11:13). ആ വാക്യം, മാത്രം എടുത്താൽ, പരിശുദ്ധാത്മാവ് പ്രാർത്ഥിച്ചാൽ ലഭിക്കും എന്ന് തോന്നിപ്പോകും. എങ്ങനെയായാലും, മറ്റു വേദഭാഗങ്ങൾകൂടെ പരിശോധിച്ചാൽ, പരിശുദ്ധാത്മാവ് ലഭിക്കുന്നതിനു പ്രാർത്ഥന മാത്രം പോരാ എന്ന് കാണാം.

അതേപോലെയുള്ള ഒരു പ്രസ്താവന മത്തായിയുടെ സുവിശേഷത്തിലും കാണാം: "നിങ്ങളുടെ മക്കൾക്ക് നിങ്ങൾ നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വർഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നന്മ എത്ര അധികം കൊടുക്കും." (7:11). ദൈവത്തിന്റെ നന്മ ലഭിക്കുവാൻ വെറും യാചനയിലധികം വേണ്ടേ? എന്ന ചോദ്യത്തിന് ഉത്തരം "വേണം" എന്നു തന്നെയാണ്!

ദൈവത്തോട് യാചിക്കുവാൻ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചിട്ടുണ്ട്, "ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു തരേണമേ" (മത്തായി 6:11). ഓരോ ദിവസത്തേയും ആഹാരത്തിനായി ദൈവത്തോട് അപേക്ഷിച്ചാൽ

മാത്രം മതി എന്ന് ആരാണ് വാദിക്കുക? നമ്മുടെ ആവശ്യങ്ങൾക്കായി നാം അദ്ധ്വാനിക്കേണ്ടതുണ്ട്. പൗലൊസ് എഴുതി,

> കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം കൊടുക്കേണ്ടതിന് കൈകൊണ്ട് നല്ലതു പ്രവർത്തിച്ചു അദ്ധ്വാനിക്കയത്രേ വേണ്ടത് (എഫെസ്യർ 4:28).

> ഞങ്ങൾ ആരുടേയും ആഹാരം വെറുതെ അനുഭവിച്ചിട്ടില്ല. നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുത് എന്നുവെച്ച് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടുംകൂടെ രാപ്പകൽ വേല ചെയ്തുവന്നു; ... വേല ചെയ്യാത്തവൻ തിന്നുകയുമരുത് എന്ന് ഞങ്ങൾ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ തന്നെ ആജ്ഞാപിച്ചിട്ടുണ്ടല്ലൊ; നിങ്ങളിൽ ചിലർ ഒട്ടും വേല ചെയ്യാതെ പരക്കാര്യം നോക്കി ക്രമംകെട്ടു നടക്കുന്നു എന്നു കേൾക്കുന്നു. ഇങ്ങനെയുള്ളവരോട് സാവധാനത്തോടെ വേല ചെയ്തു അഹോവൃത്തി കഴിക്കേണം എന്ന് കർത്താവായ യേശുക്രിസ്തുവിൽ ഞങ്ങൾ ആജ്ഞാപിച്ചു പ്രബോധിപ്പിക്കുന്നു (2 തെസലൊനിക്യർ 3:8-12).

ദൈവത്തിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ആളുകൾ ശരിയായി പ്രവർത്തിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ദാനം ലഭിക്കേണ്ടതിന് ഒരാൾ ചോദിക്കേണ്ടത് യേശുവിന്റെ നാമത്തിലാണ് (യോഹന്നാൻ 14:14). വിശ്വാസത്തോടെ വേണം യാചിക്കുവാൻ (യാക്കൊബ് 1:6, 7). ശരിയായ കാര്യങ്ങളാണ് ചോദിക്കേണ്ടത് (യാക്കൊബ് 4:3). അപേക്ഷിക്കേണ്ടതു ദൈവേഷ്ടപ്രകാരമായിരിക്കേണം (1 യോഹന്നാൻ 5:14), ദൈവകല്പന അനുസരിച്ച് അവനെ പ്രസാദിപ്പിച്ചുകൊണ്ടുമായിരിക്കേണം (1 യോഹന്നാൻ 3:22).

അതുപോലെ, പരിശുദ്ധാത്മാവ് നമുക്ക് ലഭിക്കുന്നതിനും നമ്മുടെ ഭാഗത്തുനിന്ന് ചോദിക്കുന്നതിനേക്കാളധികം ആവശ്യപ്പെടുന്നുണ്ട്. പ്രാർത്ഥനയാൽ മാത്രം പരിശുദ്ധാത്മാവ് നൽകിയ ഒരു ഉദാഹരണം പോലും ബൈബിളിൽ ഇല്ല.

## യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിന്റെ ഉപദേശം

പരിശുദ്ധാത്മാവിനെ കുറിച്ച് യേശുവിന്റെ ശേഷിച്ച ഉപദേശം നമുക്ക് യോഹന്നാന്റെ സുവിശേഷത്തിൽ കാണാം. വീണ്ടും ജനനത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയെ കുറിച്ചും (യോഹന്നാൻ 3:3-5) പരിശുദ്ധാത്മാവ് വസിക്കുന്നതിനെ കുറിച്ചും (യോഹന്നാൻ 14:17) പിന്നീട് ഒരു പാഠത്തിൽ നമുക്ക് പഠിക്കാം.[1] ഈ പാഠത്തിൽ ഊന്നൽ നല്കിയിരിക്കുന്നത് യോഹന്നാൻ 14:16, 17, 26; 15:26; 16:13 ലെ യേശുവിന്റെ പ്രസ്താവനകളാണ്.

### പശ്ചാത്തലം

യേശു പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നതിന്റെ പശ്ചാത്തലം വളരെ പ്രാധാന്യമുള്ളതാണ്. ആ സമയത്ത് യേശു എവിടെയായിരുന്നു? അവനോടുകൂടെ ആരായിരുന്നു? അവൻ ആരോടാണ് സംസാരിച്ചിരുന്നത്?

യേശുവും ശിഷ്യന്മാരും പെസഹയും കർത്തൃമേശയും ആചരിച്ചശേഷം മാളികമുറി വിട്ടുപോകുന്നതിനു മുൻപുള്ള പരാമർശങ്ങൾ പരിഗണിക്കേണ്ടതാണ്. അവർ യെരുശലേം ദൈവാലയം വിട്ടുപോകുന്നതിനു മുൻപ് ഒരു സാധു

വിധവ ശ്രീഭണ്ഡാരത്തിൽ വഴിപാട് ഇടുന്നതു നിരീക്ഷിക്കയുണ്ടായി (മർക്കൊസ് 12:41–44; ലൂക്കൊസ് 21:1–4), തുടർന്ന് അവർ ഒലിവു മലയിലേക്ക് പോയി (മത്തായി 24:3; മർക്കൊസ് 13:1–3). പെസഹ സമീപിച്ചപ്പോൾ അവൻ രണ്ടു ശിഷ്യന്മാരെ (മർക്കൊസ് 14:13) അയച്ചു (സ്ഥലപ്പേർ പറയുന്നില്ലെങ്കിലും, യെരുശലേമിൽ തന്നെ ആണെന്ന് തീർച്ച) അതു പെസഹാ പെരുന്നാളിന്റെ ഒരുക്കത്തിനായിരുന്നു (മത്തായി 26:18; മർക്കൊസ് 14:14; ലൂക്കൊസ് 22:10, 11). വിരുന്നു മുറി – വിരിച്ചൊരുക്കിയ മാളിക മുറി – അന്വേഷിക്കുന്നതിനായി അവരോട് പറഞ്ഞിരുന്നു (മർക്കൊസ് 14:14, 15; ലൂക്കൊസ് 22:11, 12).

“സന്ധ്യയായപ്പോൾ അവൻ പന്തിരുവരോടുകൂടെ വന്നു” (മർക്കൊസ് 14:17), അതായത്, അപ്പൊസ്തലന്മാരോടുകൂടെ യേശു മേശമേൽ ചാഞ്ഞിരുന്നു (ലൂക്കൊസ് 22:14; മത്തായി 26:20). പെസഹ ആചരിക്കുവാൻ യേശുവിനോടുകൂടെ അപ്പൊസ്തലന്മാർ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നാണ് പറഞ്ഞിരിക്കുന്നത്.

യോഹന്നാൻ 13–16 ലെ യേശുവിന്റെ പ്രസംഗങ്ങളുടെ സമയവും യോഹന്നാൻ വ്യക്തമാക്കിയിട്ടുണ്ട്. പെസഹാപെരുന്നാളിന് മുമ്പെ താൻ ഈ ലോകം വിട്ട് പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്ന് യേശു അറിഞ്ഞു (യോഹന്നാൻ 13:1). “അത്താഴമായപ്പോൾ ... യേശു ... അത്താഴത്തിൽനിന്ന് എഴുന്നേറ്റു ...” (യോഹന്നാൻ 13:2–4). ഇതുമായി മറ്റു സുവിശേഷങ്ങളിലെ വിവരങ്ങളുമായി ചേർത്തു നോക്കിയാൽ, പെസഹാ ഭക്ഷിക്കുവാൻ യേശുവും പന്ത്രണ്ട് അപ്പൊസ്തലന്മാരും മാത്രമാണ് ഉണ്ടായിരുന്നത് എന്നു കാണാം. തുടർന്ന് മാളികമുറിയിൽ നടന്ന ചർച്ചകളിലും സംഭവങ്ങളിലും അവർ മാത്രമാണുണ്ടായിരുന്നത്. യൂദാ എഴുന്നേറ്റു പോയ ശേഷം, പതിനൊന്നുപേരും യേശുവും മാത്രമായി (യോഹന്നാൻ 13:30). അപ്പൊസ്തലന്മാരെ കൂടാതെ ആരെയെങ്കിലും ഉൾപ്പെടുത്തിയാൽ പശ്ചാത്തലം തന്നെ മാറും.

**ഉൾപ്പെട്ട ആളുകൾ**

യോഹന്നാൻ 13–16 ലെ യേശുവിന്റെ പ്രസ്താവനകൾ അപ്പൊസ്തലന്മാരോടാണ്, എങ്കിലും അവൻ മറ്റൊരു കൂട്ടം ആളുകളെയും കുറിച്ച് പറയുന്നുണ്ട്. (1) യേശു “നിങ്ങൾ” എന്നു പറയുമ്പോൾ, അവൻ ഉദ്ദേശിച്ചത് അപ്പൊസ്തലന്മാരെയാണ്, അല്ലാതെ എല്ലാ ക്രിസ്ത്യാനികളെയുമല്ല. അതുകൊണ്ട് അപ്പൊസ്തലന്മാരോട് വാഗ്ദാനം ചെയ്തതിന്റെ ഗുണം നമുക്ക് കിട്ടുമോ എന്നറിയുവാൻ നാം പുതിയനിയമത്തിലെ മറ്റു വേദഭാഗങ്ങളും നോക്കേണ്ടതായിട്ടുണ്ട്. പൊതുവായി പറയുന്ന മറ്റു വേദഭാഗങ്ങൾ കാണുന്നില്ലെങ്കിൽ, ആ വാഗ്ദാനം അപ്പൊസ്തലന്മാർക്കു മാത്രമുള്ളതായി നാം അംഗീകരിക്കണം. (2) യേശു “അവൻ” “അവന്” അല്ലെങ്കിൽ “അവർ” എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിൽ, ഒന്നുകിൽ അപ്പൊസ്തലന്മാരോടുകൂടെ പൊതുവിൽ എല്ലാ വിശ്വസികളെയും അല്ലെങ്കിൽ (അപ്പൊസ്തലന്മാരെ കൂടാതെ) മറ്റുള്ളവരെ ഉൾപ്പെടുത്തി പറയുന്നു.

“കുഞ്ഞുങ്ങളേ ഞാൻ ഇനി കുറഞ്ഞോന്നു മാത്രം നിങ്ങളോടുകൂടെ ഇരിക്കും; ...” (യോഹന്നാൻ 13:33). ഈ സന്ദർഭത്തിൽ, യേശു “നിങ്ങൾ” എന്നു പറഞ്ഞിരിക്കുന്നത് അപ്പൊസ്തലന്മാരെ മാത്രം ഉദ്ദേശിച്ചാണ്. എങ്ങനെയായാലും, അടുത്ത പ്രസ്താവനയിലെ “നിങ്ങൾ” (അപ്പൊസ്തലന്മാർ)

എന്നതു മുൻപ് യെഹൂദന്മാരെ ഉദ്ദേശിച്ച് പറഞ്ഞിട്ടുണ്ട്: "... ഞാൻ യെഹൂദന്മാരോട് പറഞ്ഞതുപോലെ ഇന്നു നിങ്ങളോടും പറയുന്നു, ..." (യോഹന്നാൻ 13:33). ഇവിടെ യേശു അപ്പൊസ്തലന്മാരോട് പ്രത്യേകമായിട്ടാണ് പറയുന്നതെങ്കിലും അപ്പൊസ്തലന്മാരോടുകൂടെ മറ്റുള്ളവരും ഈ സാഹചര്യം നേരിടേണ്ടി വരുമെന്ന് അവൻ വ്യക്തമാക്കുന്നു.

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു" (യോഹന്നാൻ 14:34). ഈ കല്പന നൽകിയത് അപ്പൊസ്തലന്മാരോടാണ് എങ്കിലും, യേശുവിനെ അനുഗമിക്കുന്ന എല്ലാവരും ഈ കല്പന അനുസരിക്കേണ്ടതാണെന്ന് പുതിയനിയമം സൂചിപ്പിക്കുന്നു (1 യോഹന്നാൻ 3:23).

"എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു" (യോഹന്നാൻ 14:21). യോഗ്യമാക്കുന്ന പദപ്രയോഗത്തോടുകൂടി യേശു "അവൻ" എന്ന വാക്ക് ഉപയോഗിക്കുമ്പോൾ, അപ്പൊസ്തലന്മാരെ മാത്രമല്ല യേശു ഉദ്ദേശിച്ചത്, പിന്നെയോ അവന്റെ കല്പനകൾ അനുസരിക്കുന്ന എല്ലാവരെയുമാണ്.

"അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ, നിങ്ങളെയും ഉപദ്രവിക്കും" (യോഹന്നാൻ 15:20). "അവർ" എന്ന് ഇവിടെ പറഞ്ഞിരിക്കുന്നതു അപ്പൊസ്തലന്മാർ ഒഴിച്ച് ആരുമാകാം, എന്നാൽ "നിങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത് അപ്പൊസ്തലന്മാരെ ഉദ്ദേശിച്ചാണ്.

അപ്പൊസ്തലന്മാരെ മാത്രം ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നതാണ് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ:

> "അതിന്റെ നാഴിക വരുമ്പോൾ ഞാൻ ഇതു നിങ്ങളോട് പറഞ്ഞിട്ടുണ്ടെന്ന് നിങ്ങൾ ഓർക്കേണ്ടതിന്ന് ഇതു നിങ്ങളോട് സംസാരിച്ചിരിക്കുന്നു, ആദിയിൽ ഇതു ഞാൻ നിങ്ങളോട് പറയാഞ്ഞത് ഞാൻ നിങ്ങളോടുകൂടെ ഇരിക്കകൊണ്ടത്രെ" (യോഹന്നാൻ 16:4).
>
> "കുറഞ്ഞോന്നു കഴിഞ്ഞിട്ടു നിങ്ങൾ എന്നെ കാണുകയില്ല" (യോഹന്നാൻ 16:16).
>
> "ഇതു ഞാൻ സദൃശമായി നിങ്ങളോട് സംസാരിച്ചിരിക്കുന്നു; എങ്കിലും ഞാൻ ഇനി സദൃശമായി നിങ്ങളോട് സംസാരിക്കാതെ പിതാവിനെ സംബന്ധിച്ച് സ്പഷ്ടമായി നിങ്ങളോട് സംസാരിക്കുന്ന നാഴിക വരുന്നു, ..." (യോഹന്നാൻ 16:25).
>
> "നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്ക് ചിതറിപോകയും, എന്നെ ഏകനായി, വിട്ടുപോകുന്ന നാഴിക വരുന്നു" (യോഹന്നാൻ 16:32).

ഈ അവസരത്തിൽ യേശു "നിങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത്, പ്രത്യേകമായി അപ്പൊസ്തലന്മാരെ ഉദ്ദേശിച്ചാണ്. മറ്റുള്ളവർക്ക് ഈ ഗുണം ലഭിക്കുന്നതായി വേറെ വാക്യങ്ങളൊന്നും സൂചിപ്പിക്കുന്നില്ലെങ്കിൽ, ആ പ്രസ്താവനകൾ അപ്പൊസ്തലന്മാർക്ക് മാത്രമുള്ളതാണ്. ഇതു മനസിലാക്കേണ്ടതു പ്രധാനപ്പെട്ട കാര്യമാണ്, കാരണം യോഹന്നാന്റെ ഈ ഭാഗത്തിൽ പറയുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നത് അപ്പൊസ്തലന്മാർക്ക് മാത്രമാണ്.

**വാഗ്ദാനം ചെയ്ത ആത്മാവ്**

പരിശുദ്ധാത്മാവ് വരുന്നതിനെ കുറിച്ചുള്ള യേശുവിന്റെ വാഗ്ദാനം (യോഹന്നാൻ 14:16-26; 15:26, 27; 16:7-15) അപ്പൊസ്തലന്മാർക്ക് മാത്രമുള്ളതായിരുന്നു. ഈ വേദഭാഗങ്ങളിലെ സന്ദർഭങ്ങളിൽനിന്ന് അത് വ്യക്തമാണ്: "ഞാൻ നിങ്ങളോടുകൂടെ ഇരിക്കുമ്പോൾ, ഇതു നിങ്ങളോട് സംസാരിച്ചിരിക്കുന്നു" (യോഹന്നാൻ 14:25); "നിങ്ങളും ആദിമുതൽ എന്നോടുകൂടെ ഇരിക്കകൊണ്ട് സാക്ഷ്യം പറവിൻ" (യോഹന്നാൻ 15:27); "ഇനിയും വളരെ നിങ്ങളോട് പറവാൻ ഉണ്ട്; എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല" (യോഹന്നാൻ 16:12). ആ പ്രസ്താവനകൾ യേശുവിനോടുകൂടെ ആയിരുന്നവരോടായിരുന്നു, അവരായിരുന്നു അവന് സാക്ഷ്യം പറയേണ്ടിയിരുന്നത്, അവർ അവന്റെ ശുശ്രൂഷയിൽ ആരംഭം മുതൽ ഉണ്ടായിരുന്നവരായിരുന്നു, അവന്റെ ഉപദേശം മുഴുവൻ വഹിപ്പാൻ ആ സമയത്ത് അവർക്ക് കഴിയുമായിരുന്നില്ല. ആ പ്രസ്താവനകൾ അപ്പൊസ്തലന്മാരെയാണ് സൂചിപ്പിച്ചത്.

പരിശുദ്ധാത്മാവ് വരുമ്പോൾ എന്തു ചെയ്യുമെന്ന് പറഞ്ഞതും അപ്പൊസ്തലന്മാരെ ഉദ്ദേശിച്ചായിരുന്നു. (1) അവൻ അവരെ സകലവും ഉപദേശിക്കും, (2) യേശു പഠിപ്പിച്ചതെല്ലാം അവരെ ഓർമ്മപ്പെടുത്തും, (3) അവരെ സകല സത്യത്തിലും വഴി നടത്തും, (4) വരുവാനുള്ളവയെ കുറിച്ച് അവരെ ബോധ്യപ്പെടുത്തും (യോഹന്നാൻ 14:26; 16:13).

അന്ന് ആത്മാവ് ചെയ്തത് ഇന്നു ആളുകളിൽ ചെയ്താൽ എന്തു സംഭവിക്കും? (1) അവർക്ക് ബൈബിളിന്റെ ആവശ്യം വരികയില്ല. അവർക്ക് ആവശ്യമുള്ള ആത്മിയമായ അറിവ് ആത്മാവ് നൽകും. (2) അവർക്ക് യേശുവിന്റെ ഉപദേശം വായിക്കേണ്ടിവരികയില്ല. യേശു പറഞ്ഞതെല്ലാം ആത്മാവ് അവരെ ഓർപ്പിക്കും. (3) അവർക്ക് പഠിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല. ആത്മാവ് അവരെ സകല സത്യത്തിലും വഴി നടത്തും. (4) എന്തു പറയണം, എന്തു പഠിപ്പിക്കണം എന്നതിന് അവർക്ക് ഒരു ഒരുക്കവും ആവശ്യമായിരുന്നില്ല. അവർക്ക് പറയേണ്ട വാക്കുകൾ ആത്മാവ് നൽകും (മത്തായി 10:19, 20). (5) ആത്മശ്വാസിയനായിരുന്ന, പൗലൊസിനെ പോലെ (ഗലാത്യർ 1:11, 12), അവർക്ക് നിർദ്ദേശത്തിന്റെ ആവശ്യമില്ല, എന്നാൽ ആത്മാവ് മുഖേന യേശുവിന്റെ ഉപദേശം അവർക്ക് ലഭിക്കും (എഫെസ്യർ 3:3-5). (6) ബൈബിൾ ആത്മശ്വാസിയമായി എഴുതിയ എഴുത്തുകാർക്ക് തുല്യമായിരിക്കും അവരുടെ ഉപദേശം. ആ എഴുത്തുകാരെ ആത്മാവ് നയിച്ചതുപോലെ ഇവരെയും നയിക്കും. (7) അവർക്ക് തെറ്റുകൂടാതെ എഴുതുവാനും സംസാരിക്കുവാനും കഴിയും. ബൈബിൾ എഴുതിയവരെ തെറ്റുകൂടാതെ എഴുതുവാൻ ആത്മാവ് ആണ് സഹായിച്ചത്. ആ വസ്തുതയുടെ അടിസ്ഥാനത്തിൽ, ബൈബിൾ പൂർണ്ണവും തെറ്റുകൂടാത്തതുമാണെന്ന്, നമുക്ക് വിശ്വസിക്കാം. (8) ഭാവിയിൽ വരുവാനുള്ളതും അവർക്ക് ബോധ്യമാകും. അവർക്ക് ഇന്നു ഭാവി-പ്രവചിക്കുന്നവരേക്കാളും മനശാസ്ത്രജ്ഞരേക്കാളും നല്ല രീതിയിൽ ഭാവി പ്രവചിക്കുവാൻ കഴിയും.

അപ്പൊസ്തലന്മാർക്ക് ലഭിച്ചതുപോലെ പ്രവാചകന്മാർക്കും വെളിപ്പാട് ലഭിച്ചിരുന്നതായി തിരുവെഴുത്ത് പഠിപ്പിക്കുന്നു (എഫെസ്യർ 3:3-5). അപ്പൊസ്തലന്മാർ കൈവെച്ചതിനാലാണ് അവർക്ക് ആത്മാവിന്റെ ശക്തി ലഭിച്ചത് (പ്രവൃത്തികൾ 6:6). അതുകൊണ്ട്, വചനം പൂർണ്ണമായി എഴുതുന്നതിനു മുൻപ്, ആത്മാവിന്റെ സഹായത്താൽ വാക്കുകളായിട്ടാണ് നൽകിയിരുന്നത്.

പ്രവചനവരം ലഭിച്ച പുതിയനിയമക്രിസ്ത്യാനികളും അപ്പൊസ്തല

ന്മാരും തമ്മിലുള്ള വ്യത്യാസം എന്തെന്നാൽ അപ്പൊസ്തലന്മാരെ എല്ലാം ഉപദേശിക്കയും, യേശു പറഞ്ഞതെല്ലാം അവരെ ഓർപ്പിക്കുകയും, അവരെ സകല സത്യത്തിലും വഴി നടത്തുകയും ചെയ്തിരുന്നു, എന്നാൽ മറ്റുള്ള വർക്ക് ഭാഗികമായ വെളിപ്പാട് മാത്രമാണ് ലഭിച്ചിരുന്നത്. അപ്പൊസ്തലന്മാർ സത്യത്തിന് മറ്റാരേയും ആശ്രയിക്കാതിരിക്കേണ്ടതിന് അറിയേണ്ടതെല്ലാം ആത്മാവ് അവർക്ക് വെളിപ്പെടുത്തി കൊടുത്തു. ഭാഗികമായ വെളിപ്പാടു ലഭിച്ച മറ്റു ക്രിസ്ത്യാനികൾ പൂർണ്ണമായ വെളിപ്പാടുകൾക്ക് അപ്പൊസ്തല നന്മാരെ ആശ്രയിക്കേണ്ടിയിരുന്നു (2 തിമൊഥെയൊസ് 2:2).

### കാര്യസ്ഥൻ

ആത്മാവിനെ കാര്യസ്ഥനായിട്ടാണ് യേശു പറഞ്ഞത് (ഗ്രീക്ക്.: *പാരാക്ലേറ്റോസ്*).

> [ഗ്രീക്ക് സംസ്ക്കാരത്തിൽ] ലോകം, പൊതുവിൽ, ഭാഷാപരമായ പരിത സ്ഥിതിയിൽ [പുതിയനിയമം] ഉപയോഗിച്ചിരിക്കുന്നത്, ഒരാളുടെ മുൻപിൽ മറ്റൊരാൾക്ക് വേണ്ടി സംസാരിക്കുന്നതിനെയാണ് സൂടിപ്പിക്കുന്നത്.[2]
>
> പരിശുദ്ധാത്മാവിനെ സംബന്ധിച്ച്, ഉപയോഗിച്ച ഗ്രീക്ക് വാക്ക് മതിയായ അർത്ഥത്തിൽ തർജിമ ചെയ്യുവാൻ പറ്റിയ ഇംഗ്ലീഷ് വാക്ക് വഭിക്കുക പ്രയാസമാണ്. കെജെവിയിൽ ഉപയോഗിച്ചിരിക്കുന്ന “കാര്യസ്ഥൻ” എന്നത് ഏതാണ്ട് യോജിക്കുന്നതാണ്, അതു ആശ്വസിപ്പിക്കുക മാത്രമല്ല, ശക്തി പ്പെടുത്തുകയും, സഹായിക്കുകയും, ആലോചന നൽകുകയും, അത് ഒരു നിയമ അഭിഭാഷകൻ, തന്റെ കക്ഷിക്ക് വേണ്ടി ആധികാരികമായി ചെയ്യു ന്നതിനെയാണ് സൂചിപ്പിക്കുന്നത്.[3]

യേശു അപ്പൊസ്തലന്മാരോടുകൂടെ ആയിരുന്നപ്പോൾ, അവൻ അവർക്ക് ആലോചന നല്കുന്നവനും, കാര്യസ്ഥനും, ആശ്വസിപ്പിക്കുന്നവനുമായിരുന്നു. യേശു വിട്ടുപോയപ്പോൾ, പകരം നിൽക്കുവാൻ പരിശുദ്ധാത്മാവ് വന്നു. യേശു അപ്പൊ സ്തലന്മാരോട്, “എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ട തിന് നിങ്ങൾക്ക് തരും ...” എന്നു പറഞ്ഞു (യോഹന്നാൻ 14:16); “ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും” (യോഹന്നാൻ 14:18). യേശു തന്നെ അവരുടെ അടുക്കൽ വരുമെന്നല്ല യേശു അർത്ഥമാക്കിയത്, മറിച്ച്, ആത്മാവ് മുഖാന്തരം അവൻ അവരുടെ അടുക്കലെത്തും എന്നാണ് ഉദ്ദേശി ച്ചത്. യേശു പിന്നീട് പറഞ്ഞു, “എന്നാൽ ഞാൻ നിങ്ങളോട് സത്യം പറയുന്നു, ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം, ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടു ക്കൽ അയക്കും” (യോഹന്നാൻ 16:7). അവരിൽ, പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥ നായി വരുന്നത്, യേശുവായിരുന്നില്ല. അവൻ മറ്റൊരു കാര്യസ്ഥനായ പരിശുദ്ധാ ത്മാവിനെയാണ് (യോഹന്നാൻ 14:16), അയക്കുമെന്ന് പറഞ്ഞത്.

### സമയം

അവൻ ഉയർത്തെഴുന്നേറ്റ വൈകുന്നേരം യേശു തന്റെ അപ്പൊസ്തലന്മാ

രിൽ ഊതിയശേഷം (യോഹന്നാൻ 20:19), പരിശുദ്ധാത്മാവ് എപ്പോൾ വരുമെന്ന് ചിലർ സംശയിച്ചിരുന്നു. ആ സമയത്താണ് അവൻ അവരോട് "പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ" എന്നു പറഞ്ഞത് (യോഹന്നാൻ 20:22).

അല്പം മുൻപ് അവൻ കർത്തൃമേശ സ്ഥാപിക്കുമ്പോൾ യേശു പറഞ്ഞതു മനസിലാക്കിയതുപോലെ വേണം ഇതും മനസിലാക്കുവാൻ. അവൻ പറഞ്ഞു, "ഇതു അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം" (മത്തായി 26:28). രക്തം ചൊരിയുന്നതിനുമുൻപു തന്നെ അതു "ചൊരിയുന്നതായി" യേശു പറഞ്ഞു. ഭാവി സംഭവങ്ങളെ നേടിക്കഴിഞ്ഞതായി യേശുവിന് മുൻകാണുവാനായി കഴിഞ്ഞു. അതുപോലെ തന്നെയാണ് പരിശുദ്ധാത്മാവിനെ നൽകുന്നതും.

യേശു തേജസ്ക്കരിക്കപ്പെട്ട ശേഷമേ നൽകുകയുള്ളു എന്നാണ്, യോഹന്നാൻ പറഞ്ഞത് (യോഹന്നാൻ 7:39). തന്റെ മരണത്താലാണ് അവൻ തേജസ്ക്കരിക്കപ്പെടുന്നത് എന്നാണ് ക്രിസ്തു പറഞ്ഞത് (യോഹന്നാൻ 12:23, 24), മരണത്തിനും ഉയർപ്പിനും ശേഷമാണ് കർത്താവ് മഹത്വത്തിൽ പ്രവേശിച്ചത് (ലൂക്കൊസ് 24:26; ഫിലിപ്പിയർ 2:8–11 ഉം 1 തിമൊഥെയൊസ് 3:16 ഉം നോക്കുക).

യേശു സ്വർഗത്തിലേക്ക് മടങ്ങുന്നതിന് തൊട്ടുമുൻപ് യെരുശലേമിൽനിന്ന് വാങ്ങിപോകരുതെന്ന്, അവൻ അപ്പൊസ്തലന്മാരോട് പറഞ്ഞിരുന്നു. ഏറെ നാൾ കഴിയുന്നതിനു മുൻപ് അവർ പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം ഏല്ക്കേണ്ടതിന് കാത്തിരിക്കേണ്ടിയിരുന്നു (പ്രവൃത്തികൾ 1:4, 5; ലൂക്കൊസ് 24:49 ഉം നോക്കുക). പത്തു ദിവസങ്ങൾക്ക് ശേഷം, ആത്മാവ് ശക്തിയോടുകൂടി വന്നു (പ്രവൃത്തികൾ 1:8), അന്ന് യെഹൂദ പെന്തെകൊസ്തുപെരുന്നാളായിരുന്നു (പ്രവൃത്തികൾ 2:1–4). യേശു ഊതിയപ്പോൾ പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ വന്നിരുന്നില്ല.

## ഉപസംഹാരം

താൻ വിട്ടുപോയശേഷമുള്ള പ്രവർത്തനത്തിന് യേശു അപ്പൊസ്തലന്മാരെ തയ്യാറാക്കി, തനിക്ക് പകരം ആത്മാവ്, മറ്റൊരു കാര്യസ്ഥനായി അവരിലേക്ക് അയക്കുമെന്ന് വാഗ്ദാനവും ചെയ്തു. യേശു പോയശേഷം അവരെ അനാഥരായി വിട്ടുകളഞ്ഞില്ല, എന്നാൽ അവർക്ക് ആത്മാവിനെ നൽകി. ആത്മാവ് മുഖാന്തരം യേശു അവരോടൊപ്പമുണ്ടായിരുന്നു. അവൻ അവർക്ക് ആത്മിയ ശക്തി നൽകുകയും, അവർ ഭൂലോകത്തിലൊക്കെയും സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കേണ്ടതിന്ന് അവരെ സകല സത്യത്തിലും വഴി നടത്തുകയും ചെയ്തു (മർക്കൊസ് 16:15).

---

കുറിപ്പുകൾ

[1]പരിശുദ്ധാത്മാവ് ലഭിക്കുവാൻ പ്രാർത്ഥന മാത്രം പോരാ എന്ന് തെളിയിക്കുന്ന വേദഭാഗങ്ങൾ ചർച്ച ചെയ്യുന്ന പരിശുദ്ധാത്മാവുകൊണ്ടുള്ള സ്നാനം, ആത്മാവിന്റെ അത്ഭുതവരങ്ങൾ, പരിവർത്തനം, ആത്മാവ് വസിക്കൽ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നാം പഠിക്കും. [2]പി. കെ. ജെവെറ്റ്, "പാരാക്ലേറ്റേ," *ദ സോണ്ടർവാൻ പിക്ചോറിയൽ എൻസൈക്ലോപീഡിയ ഓഫ് ദ ബൈബിൾ*, വാല്യം, 4, എഡി. മെറിൽ സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1975), 597. [3]"അഡ്വൊക്കേറ്റ്," *ദ ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ,* എഡ്സ്. ജെ. ഡി. ഡഗ്ലസ് ആന്റ് മെറിൽ സി. ടെനി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1987), 20.